ഭരണഭാഷ മാതൃഭാഷ

ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം
തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് – ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതിക വിഭാഗം – ആലപ്പുഴ ജില്ല – മുതുകുളം ഗ്രാമ പഞ്ചായത്ത് മുതുകുളം വില്ലേജ് – പെട്രോൾ പമ്പ് നിർമ്മാണം – ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :-
1. മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/12/2018 ലെ എ8-5997/18 നം. കത്ത്.
2. ആലപ്പുഴ ടൗൺ പ്ലാനറുടെ 28/01/2019 - ലെ സി/2022/2018/കെ.ഡിസ് നമ്പർ കത്ത്.

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നമ്പർ TCPCTP/243/2019-C3 തീയതി : 14/02/2019.

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുതുകുളം വില്ലേജിൽ സർവ്വേ നമ്പർ: 47/2 ൽ പ്പെട്ട 2025ച മീ സ്ഥലത്തു 660ച.മീ. സ്ഥലം വേർതിരിച്ച് പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.അബ്ദുൾ സലാം, പുത്തൻ കണ്ടത്തിൽ ചിങ്ങോലി പി.ഒ, ആലപ്പുഴ യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2011- നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ:-

1. K.P.B.R.2011 ചട്ടം 11(1) പ്രകാരം പ്ലോട്ടിന്റെ സർവ്വെ നമ്പർ, അളവുകൾ, വിസ്തീർണ്ണം അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ശരിയാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008 ലെ കേരള നെൽ വയൽ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ പ്രസ്തുത സ്ഥലം ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. K.P.B.R.2011 ചട്ടം 61(6) പ്രകാരം ഫയർ ഫോഴ്സ് വകുപ്പ് ഡയറക്ടറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ അംഗീകാരം ലഭ്യമാക്കിയിരിക്കണം.
4. K.P.B.R.2011 ചട്ടം 61(17) പ്രകാരം Fire Protection measures നല്കിയിരിക്കണം.
5. K.P.B.R.2011 ചട്ടം 61(10) പ്രകാരം പെട്രോൾ ടാങ്കിന്റേയും വെന്റ് പൈപ്പിന്റേയും സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കണം.
6. K.P.B.R.2011 ചട്ടം 61(16) പ്രകാരം ഖര/ദ്രവ മാലിന്യ സംസ്കരണ ശാലയ്ക്കായി യഥാസ്ഥാനത്ത് പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.
7. K.P.B.R.2011 ചട്ടം 61(17) പ്രകാരം മലിന ജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനർചംക്രമണത്തിനും പുന:രുപയോഗിക്കുന്നതിനുമുള്ള പ്രത്യേക സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
8. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ലംഘിക്കപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

9. സുരക്ഷ പരിഗണിച്ച് പുതിയ നിർമ്മാണത്തെ നിലവിലുള്ള കെട്ടിടത്തിൽ നിന്നും വേർതിരിക്കുന്ന ഫെൻസിംഗ് നല്കിയിരിക്കണം.
10. പ്രസ്തുത നിർമ്മാണം K.P.B.R.2011 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
11. K.P.B.R.2011 ചട്ടം 61(9) പ്രകാരം ജില്ലാകളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 10 /2019

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം:- ഒരു സെറ്റ് പ്ലാൻ

ടൗൺ പ്ലാനറുടെ കാര്യാലയം പിൻ-695 003 തിരുവനന്തപുരം

പി.ആർ.ജയശ്രീ,
നഗരാസൂത്രക.

സ്വീകർത്താവ്
സെക്രട്ടറി,
മുതുകുളം ഗ്രാമ പഞ്ചായത്ത്

പകർപ്പ്

1. ശ്രീ.അബ്ദുൾ സലാം,
പുത്തൻ കണ്ടത്തിൽ
ചിങ്ങോലി പി.ഒ,
ആലപ്പുഴ
2. നഗരാസൂത്രകൻ, ആലപ്പുഴ.
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ
5. ഫയൽ.